ബ്രാഹ്മേ മുഹൂർത്തേ ഉത്ഥായ വാര്യുപസ്പൃശ്യ മാധവ:
ദധൌ പ്രസന്നകരണ ആത്മാനം തമസ: പരം (10-70-4)
ഏകം സ്വയം ജ്യോതിരനന്യമവ്യയം
സ്വസംസ്ഥയാ നിത്യനിരസ്തകല്മഷം
ബ്രഹ്മാഖ്യമസ്യോദ് ഭവനാശഹേതുഭി:
സ്വശക്തി ഭിർല്ലക്ഷിതഭാവനിർവൃതിം (10-70-5)
അതാപ്ലു തോ*f* ംഭസ്യമലേ യഥാവിധി
ക്രിയാ കലാപം പരിധായ വാസസീ
ചകാര സന്ധ്യോപഗമാദി സത്തമോ
ഹുതാനലോ ബ്രഹ്മ ജജാപവാഗ്യത: (10-70-6)

*ശുകമുനി തുടർന്നു:*

ശ്രീകൃഷ്ണൻ ബ്രാഹ്മമുഹൂർത്തത്തിൽ (സൂര്യോദയത്തിന് രണ്ടരമണിക്കൂർ മുൻപ്) ദിവസവുമെഴുന്നേറ്റ് ദേഹശുദ്ധി വരുത്തി. എന്നിട്ട് ഇരുട്ടിനതീതവും സ്വയം പ്രകാശിതവും അനന്തവും അനശ്വരവും പരമ പവിത്രവും ബ്രഹ്മമെന്നറിയപ്പെടുന്നതും വിശ്വസൃഷ്ടിസ്ഥിതിസംഹാരപ്രവൃത്തികളാൽ അനന്ത സാദ്ധ്യതകളെ വെളിവാക്കുന്നതുമായ ആത്മാവിനെ ഭഗവാൻ ധ്യാനിച്ചു. കുളികഴിഞ്ഞ് പുതുവസ്ത്രങ്ങളുമണിഞ്ഞ് ഗായത്രീ ജപത്തോടെ ഭഗവാൻ സൂര്യോദയപൂജകളും അനുഷ്ഠിക്കുന്നു. അദ്ദേഹം സൂര്യനും സകലകാലങ്ങളിലേയും ഋഷിവര്യൻമാർക്കും പിതൃക്കൾക്കും പൂജയർപ്പിച്ചു. ഇവയെല്ലാം ഭഗവാന്റെ സ്വന്തം അംശങ്ങളത്രെ. എന്നിട്ട് പശുക്കളെയും ബ്രാഹ്മണരേയും മുതിർന്നവരേയും മറ്റു ജീവജാലങ്ങളെയും വണങ്ങി - ഇവയെല്ലാം അവിടുത്തെ ആത്മഭാവങ്ങളത്രെ. ഭാര്യമാർക്കും ബന്ധുമിത്രാദികൾക്കുമെല്ലാം എണ്ണമൊടുങ്ങാത്ത അനുഗ്രഹാശിസ്സുകളും ഭഗവാൻ നൽകി. പ്രഭാതകാലത്ത് തന്നെ ഭഗവാൻ രാജസഭയിലേക്ക് തിരിച്ചു. കൃഷ്ണനും മറ്റു സഭാവാസികളും സ്വസ്ഥാനങ്ങളിലുപവിഷ്ടരാവുമ്പോൾ സഭയിൽ കലാകാരൻമാരും വിദൂഷകരും കവികളും ഗായകരും നർത്തകരും അവരെ രസിപ്പിച്ചു. രാജഭരണസംബന്ധമായ കാര്യങ്ങൾ തുടങ്ങുകയായി. ഒരു ദിവസം സഭയിലേക്ക് ദൂതുമായി ഒരാൾ വന്ന് കൃഷ്ണന് നിവേദനം സമർപ്പിച്ചു. അയാൾ ജരാസന്ധന്റെ തടവിൽ കിടക്കുന്ന കുറേ രാജാക്കൻമാരെ പ്രതിനിധീകരിച്ച് കൃഷ്ണന്റെ സഹായം തേടി വന്നതാണ്. ജരാസന്ധൻ ദിനംപ്രതി സ്വേഛാധിപത്യം കൂട്ടുകയാണെന്നും എത്രയും പെട്ടെന്ന് ഭഗവാൻ അവരുടെ ദുരിതം അവസാനിപ്പിക്കണമെന്നുമായിരുന്നു രാജാക്കൻമാർക്ക് പറയാനുണ്ടായിരുന്നത്. അവർ പ്രാർത്ഥിച്ചു. “അവിടുന്ന് വിശ്വനാഥനത്രെ. ധർമ്മസംരക്ഷണ ത്തിനായും ദുഷ്ടനിഗ്രഹത്തിനായും അവിടുന്ന് അവതരിച്ചിരിക്കുകയാണല്ലോ. അവിടുത്തെ പാദങ്ങളെ ആശ്രയിക്കുന്നവരുടെ പൂർവ്വകർമ്മഫലങ്ങൾ പോലും നിർവീര്യമാകുന്നു. ഞങ്ങളെ മോചിതരാക്കിയാലും.”

അല്പസമയം കഴിഞ്ഞപ്പോൾ നാരദൻ സഭയിൽ പ്രവേശിച്ചു. ഭഗവാൻ സിംഹാസനത്തിൽ നിന്നെഴുന്നേറ്റ് മുനിയെ നമസ്കരിച്ചു. അതീവ ബഹുമാനത്തോടെ അദ്ദേഹത്തെ സ്വീകരിച്ചു. മൂന്നു ലോകങ്ങളുടേയും ക്ഷേമം മുനിയോടന്വേഷിച്ചു. “അവിടുന്ന് എല്ലാമറിയുന്നു. എല്ലായിടത്തും അങ്ങയുടെ സാന്നിദ്ധ്യമുണ്ടല്ലോ” എന്ന് പറഞ്ഞു കൊണ്ടാണ് ഭഗവാൻ നാരദനോട് സംസാരിച്ചു തുടങ്ങിയതു തന്നെ. യുധിഷ്ഠിരൻ രാജസൂയയാഗം നടത്താൻ ആഗ്രഹിക്കുന്നുവെന്നും ആയതിൽ മാമുനിമാരും ദേവൻമാരും രാജാക്കൻമാരോടൊപ്പം പങ്കെടുക്കുന്നതാണെന്നും നാരദൻ അറിയിച്ചു. യുധിഷ്ഠിരൻ കൃഷ്ണനെ പ്രത്യേകമായി പൂജിക്കുന്നതുമാണ്. ഉടനേതന്നെ ഭഗവാൻ ഇന്ദ്രപ്രസ്ഥത്തിലേക്ക് പോകണമെന്ന് മുനി അപേക്ഷിച്ചു. അവിടെ രാജസൂയത്തിന് ഭഗവാൻ അദ്ധ്യക്ഷം വഹിക്കണം. സഭയിലെ പലർക്കും ജരാസന്ധനെ വകവരുത്താൻ വൈകരുതെന്ന അഭിപ്രായമുണ്ടായിരുന്നു. നാരദന്റെ ഉപദേശം അവർക്കത്ര തൃപ്തികരമായിരുന്നില്ല. കൃഷ്ണൻ ഉദ്ധവനു നേരെ തിരിഞ്ഞ് ഉപദേശമാരാഞ്ഞു. “അങ്ങ് എന്റെ കണ്ണുകളത്രെ. എന്താണിപ്പോൾ ചെയ്യേണ്ടതെന്ന് അങ്ങേക്കറിയാം. എനിക്ക് അങ്ങിൽ സമ്പൂർണ്ണ വിശ്വാസമാണുള്ളത്. എന്താണ് ചെയ്യേണ്ടതെന്ന് ഉപദേശിച്ചാലും. ഞാൻ അതനുസരിച്ചു പ്രവർത്തിച്ചു കൊള്ളാം.”